# വിദ്യാർത്ഥികളുടെ ലേബർ ബ്രിഗേഡുകൾ

എൻ. വി. കൃഷ്ണവാര്യർ

കായികാദ്ധ്വാനത്തിൽ വൈമുഖ്യം ജനിപ്പിക്കുന്നതാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം. ഈ സ്ഥിതി മാറണം. ഇതിനായി സ്കൂളുകളിലും കോളേജുകളിലും തൊഴിൽ പരിശീലനം ഏർപ്പെടുത്തണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു,

പക്ഷേ, ഈ നിർദ്ദേശം നടപ്പിലാക്കാൻ പ്രയാസമുണ്ട്. വിദ്യാർത്ഥികൾക്ക് സ്കൂളുകളിലും കോളേജുകളിലും വർക്ക്ഷോപ്പുകളും, കൃഷിയിടങ്ങളും ഉണ്ടായിരിക്കണം. മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ സൗകര്യങ്ങൾ ഇല്ല; ഇവ ഉണ്ടാക്കാനുള്ള ധനസ്ഥിതി സർക്കാരിനുമില്ല.

പല രാജ്യങ്ങളിലും വിദ്യാർത്ഥികളുടെ സംഘങ്ങളെ ഫാക്ടറികളിലും കൃഷിയിടങ്ങളിലും സ്വീകരിച്ച് നിശ്ചിതകാലത്തേക്ക് അവരെക്കൊണ്ട് പണിയെടുപ്പിക്കാനുള്ള ഏർപ്പാടുകളുണ്ട്. പൊതു ഉടമയിലുള്ളവയാണ് ഫാക്ടറികളും കൃഷിയിടങ്ങളുമെങ്കിൽ ഇങ്ങനെ ഏർപ്പാടുണ്ടാക്കുക പ്രയാസമല്ല. പക്ഷേ സ്വകാര്യ ഉടമയിലുള്ള നമ്മുടെ ഫാക്ടറികളോ കൃഷിയിടങ്ങളോ വിദ്യാർത്ഥി സംഘങ്ങളെ സ്വീകരിച്ച് അവരെക്കൊണ്ട് പണിയെടുപ്പിക്കാൻ തയ്യാറാവുകയില്ല. തങ്ങളുടെ വസ്തുവകകൾക്ക് വിദ്യാർത്ഥികൾ നാശം വരുത്തിയാലോ എന്ന ന്യായമായ ഭയം ഉടമകൾക്കുണ്ടാവും. സ്വകാര്യവ്യക്തികൾക്കുവേണ്ടി വിദ്യാർത്ഥികൾ ആത്മാർത്ഥമായി അദ്ധ്വാനിക്കാനും സാദ്ധ്യത കുറവാണ്. അവർക്ക് കൂലികൊടുക്കാൻ ഉടമകൾക്ക് മനസ്സു കാണുകയില്ല. യന്ത്രങ്ങളിൽ വിദ്യാർത്ഥികളെക്കൊണ്ട് പണിയെടുപ്പിക്കുമ്പോൾ സുരക്ഷ (സേഫ്റ്റി)യുടെ പ്രശ്നം വേറെ കിടക്കുന്നു. ഈ നിലയിൽ, ചെയ്യാവുന്നത് സ്കൂളുകളിലും, കോളേജുകളിലും ലേബർ ബ്രിഗേഡുകൾ ഏർപ്പെടുത്തുകയാണെന്ന് തോന്നുന്നു.

സോവിയറ്റ് യൂണിയൻപോലുള്ള പല രാജ്യങ്ങളിലും, വിദ്യാർത്ഥികളുടെ ലേബർ ബ്രിഗേഡുകൾ ഉണ്ട്. ഉത്തരവാദപ്പെട്ട അദ്ധ്യാപകരുടെ ചുമതലയിൽ ഈ ബ്രിഗേഡുകൾ രൂപവൽക്കരിക്കപ്പെടുന്നു. ഒഴിവുകാലങ്ങളിൽ ഈ ബ്രിഗേഡുകൾ കൃഷിയിടങ്ങളിലും ഫാക്ടറികളിലും ജോലിക്കു നിയോഗിക്കപ്പെടുന്നു. വിളവു ശേഖരിക്കുന്നതിന് കൂടുതൽ ആളുകൾ ആവശ്യമായി വരുമ്പോൾ ഇവരുടെ സേവനം ഉപകരിക്കുന്നു.

ഇതിനു പുറമെ ദേശീയ പ്രാധാന്യമുള്ള നിർമ്മാണപ്രവർത്തനങ്ങളിൽ വിദ്യാർത്ഥി ലേബർ ബ്രിഗേഡുകൾ പങ്കെടുക്കുന്നു. ഇതുമൂലം, രാഷ്ട്രം പടുത്തുകെട്ടുന്നതിൽ തങ്ങളും പങ്കാളികളാണെന്ന ബോധം വിദ്യാർത്ഥികൾക്കുണ്ടാവുന്നു. ദേശാഭിമാനത്തിന്റെ പ്രഥമപാഠം അവർ പഠിക്കുന്നു.

നമ്മുടെ നാട്ടിലും ഈ സമ്പ്രദായം അനുകരിക്കാവുന്നതാണ്. തിരഞ്ഞെടുത്ത വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച്, സേവന സന്നദ്ധതയും, ഉത്തരവാദിത്വ ബോധവും അച്ചടക്കവുമുള്ള അദ്ധ്യാപകരുടെ കീഴിൽ, ലേബർ ബ്രിഗേഡുകൾ നമ്മുടെ വിദ്യാലയങ്ങളിലുണ്ടാക്കാം. സ്കൂളിന്റെ പരിസരം ശുചിയായി സൂക്ഷിക്കുക, ആണ്ടുതോറും വേനൽക്കാലത്ത് സ്കൂൾചുമരുകൾ വെള്ളയടിക്കുക, ചില്ലറ റിപ്പയർ പണികൾ ചെയ്യുക, മുതലായ കാര്യങ്ങൾക്കു നിയോഗിച്ച് ഇവർക്ക് പരിശീലനം നല്കാം. അതാതിടത്തെ ഗ്രാമനിരത്തുകളുടെ മെയിന്റനൻസ് ജോലിയും ഇവരെ ഏല്പിക്കാവുന്നതാണ്. ഇത്തരം ജോലികൾക്കായി ചെലവാക്കാൻ കിട്ടാവുന്ന പണം ഈ വിദ്യാർത്ഥികൾക്ക് ഭക്ഷണമായോ, പണമായോ കൊടുക്കാവുന്നതാണ്.

ഇങ്ങനെ പരിശീലനം സിദ്ധിച്ച ലേബർ ബ്രിഗേഡുകളെ ഒഴിവുകാലത്ത് ദേശീയപ്രാധാന്യമുള്ള വലിയ അണക്കെട്ടുകൾ, ഫാക്ടറികൾ മുതലായവയുടെ നിർമ്മാണത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. കായികാദ്ധ്വാന പരിശീലനത്തോടൊപ്പം, ദേശാഭിമാനോദ്ദീപനം കൂടി നിർവ്വഹിക്കത്തക്ക വിധത്തിൽ ഇത്തരം പങ്കെടുക്കൽ സംഘടിപ്പിക്കാൻ അല്പം ഭാവന മാത്രമേ ആവശ്യമുള്ളൂ.

ഒരു സ്റ്റേറ്റിലുള്ള ലേബർ ബ്രിഗേഡുകൾ മറ്റു സ്റ്റേറ്റുകളിൽ രാഷ്ട്രനിർമ്മാണ പ്രവർത്തനത്തിലേർപ്പെടുന്നത് ദേശീയോദ്ഗ്രഥനത്തിന് ഏറ്റവും സഹായമായിരിക്കും. സോവിയറ്റ്യൂണിയൻ ഈ സമ്പ്രദായം വ്യാപകമായ തോതിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.